# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1183 13.06.2013 ൽ മറുപടിക്ക്

## ഹൈപ്പർ മാർക്കറ്റുകളും വിതരണ കേന്ദ്രങ്ങളും ആരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) ഹൈപ്പർ മാർക്കറ്റുകളും ആധുനിക ഷോപ്പിംഗ് സൗകര്യത്തോടു കൂടിയ വിതരണ കേന്ദ്രങ്ങളും ആരംഭിക്കുവാൻ സപ്ലൈകോ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) 2012 - 13 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത് സപ്ലൈകോയുടെ സ്വന്തമായ ഭൂമിയിലാണ്. അതനുസരിച്ച് 05.10.2012 ൽ തലശ്ശേരിയിൽ ഹൈപ്പർ മാർക്കറ്റ് ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ തിരുവനന്തപുരം, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലും ഹൈപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇവയുടെ സവിശേഷതകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) അന്താരാഷ്ട്ര കമ്പനികളുടെ സൂപ്പർ മാർക്കറ്റുകളുടെ സൗകര്യങ്ങളോട് കിടപിടിക്കുന്ന സൗകര്യങ്ങളൊരുക്കാനും ഗുണമേന്മയുള്ള ഉത്പന്നങ്ങൾ മിതമായ വിലയ്ക്ക് നൽകാനും സാധിക്കും. |
| (സി) കുറഞ്ഞ നിരക്കിലും വിലയ്ക്കും സാധനങ്ങൾ ഇതു വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (സി) സപ്ലൈകോയുടെ മാനദണ്ഡമനുസരിച്ചുള്ള നിരക്കിൽ സാധനങ്ങൾ നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നട പടികൾ സ്വീകരിച്ചു ? | (ഡി) | ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത് സപ്ലൈകോയുടെ സ്വന്തമായ ഭൂമിയിലാണ്. അപ്രകാരം സർക്കാരിൽ നിന്നും ഭൂമി പതിച്ച് കിട്ടുന്ന മുറയ്ക്ക് കീഴ്‌വഴക്കങ്ങളും മറ്റും മാനിച്ച് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതാണ്. തിരുവല്ല, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

Beenav

സെക്ഷൻ ഓഫീസർ